## സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 4

ഓൺലൈൻ അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ കാര്യാലയം, തസ്വഭവ ,കോട്ടയം

14.07.2024 11.AM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Sabitha S Valungal, P Asst.Executuve Engineer Kanjirappally Block Panchayath
3. Manu Mohan Asst.Executuve Engineer,Vazhoor Block Panchayath
4. Vishnuprasad U Asst. Town Planner LSGD Kottayam

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

1. എൻ. K. ശശികുമാർ– മുത്തോലി – പരാതിക്കാരൻ ഹാജരായില്ല. കെട്ടിട നമ്പർ ലഭിക്കുന്നില്ല എന്നതായിരുന്നു പരാതി. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധങ്ങൾ സമർപ്പിച്ചിട്ടില്ലാത്തതിനാലും അനധികൃതമായി നിർമ്മിച്ചിരിക്കുന്ന കോണിപ്പടി ആവശ്യമെങ്കിൽ പൊളിച്ചുമാറ്റാം എന്ന സമ്മതപത്രം ലഭിച്ചാൽ മാത്രമേ നമ്പർ നൽകാൻ സാധിക്കുകയുള്ളൂ എന്ന് സെക്രട്ടറി അറിയിച്ചു. ഇത് സംബന്ധിച്ച് വിശദമായ കത്ത് പരാതിക്കാരന് നൽകാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

2. പ്രകാശ് വി ആർ– വാഴൂർ– പരാതിക്കാരൻ പെർമിറ്റ് ഫീസ് അടച്ചതായും കെട്ടിട നമ്പർ നൽകിയതായും സെക്രട്ടറി അറിയിച്ചു. പരാതിക്കാരൻ ഹാജരായില്ല.
3. അനിൽ പി കെ – വാഴൂർ– 2024 മാർച്ച് മാസത്തിൽ വീടിന് നമ്പറിട്ട് നികുതി ഈടാക്കേണ്ടതിന് സമർപ്പിച്ച അപേക്ഷകൾ എടുക്കുന്നതിൽ വളരെ വലിയ കാലതാമസം നേരിട്ടു എന്നാണ് പരാതി. ആദ്യം ഉറവിട മാലിന്യ സംസ്കരണത്തിന് സംവിധാനം ഇല്ല എന്ന കാരണമാണ് പറഞ്ഞതെങ്കിൽ പിന്നീട് മറ്റു കാരണങ്ങൾ പറയുകയുണ്ടായി എന്നും അതിനാലാണ് കാലതാമസം നേരിട്ടതെന്നും പരാതിക്കാരൻ പറഞ്ഞു. സെക്ഷൻ ക്ലർക്ക് വളരെ മോശമായാണ് പെരുമാറിയതെന്നും പരാതിക്കാരൻ അറിയിച്ചു. പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ റിപ്പോർട്ട് സമർപ്പിക്കാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടു.
4. മുഹമ്മദ് സഫ്ദർ – ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി – മുൻസിപ്പാലിറ്റിയിൽ നിന്നും ജോയിൻറ് ഇൻസ്പെക്ഷൻ നടത്തിയതായും അനധികൃത നിർമ്മാണം ആണെന്ന് കണ്ട് എതിർകക്ഷിക്ക് നോട്ടീസ് നൽകിയതായി സെക്രട്ടറി അറിയിച്ചു. നോട്ടീസിന്റെ ഒരു പകർപ്പ് പരാതിക്കാരന് അയച്ചു നൽകാൻ നിർദ്ദേശിച്ചു.
5. ഹരികൃഷ്ണൻ എൻ എസ് – മുണ്ടക്കയം പഞ്ചായത്ത്– പരാതിക്കാരന്റെ സഹോദരന്റെ സമ്മതപത്രം ലഭ്യമല്ലാത്തതിനാലാണ് ഉടമസ്ഥാവകാശം മാറ്റി നൽകാൻ സാധിക്കാത്തത് എന്ന് സെക്രട്ടറി അറിയിച്ചു. ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷ ലഭിച്ചപ്പോൾ എതിർകക്ഷികൾക്ക് നോട്ടീസ് നൽകിയിരുന്നു എന്നും, അന്ന് സഹോദരൻ തനിക്ക് അവകാശമുണ്ട് എന്ന് കാണിച്ച് കത്ത് നൽകിയിരുന്നു എന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ പിന്നീട് ഹിയറിങ്ങിനായി വിളിച്ചപ്പോൾ സഹോദരൻ

ഹാജരായിരുന്നില്ല. ഒരിക്കൽ കൂടി നോട്ടീസ് നൽകി ഹിയറിങ്ങ് നടത്തുവാനും ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ച് സഹോദരൻ അവകാശം തെളിയിക്കാത്ത പക്ഷം ഉടമസ്ഥാവകാശം മാറ്റി നൽകാനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചു.

6. ജോസഫ് സി ഡി - കറുകച്ചാൽ- കോടതി ഉത്തരവ് ഉള്ളതിനാലാണ് എതിർകക്ഷിയുടെ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാൻ സാധിക്കാത്തത് എന്ന് സെക്രട്ടറി അറിയിച്ചു. ഇത് സംബന്ധിച്ച് നിയമോപദേശത്തിനായി കത്തയച്ചിരിക്കുകയാണ് എന്നും സെക്രട്ടറി അറിയിച്ചു. പ്രസ്തുത കോടതി ഉത്തരവ് പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന് എതിർകക്ഷിയുടെ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് തടസ്സം ഒന്നും ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞില്ല. ആയതിനാൽ എത്രയും വേഗം നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടു.
7. അബീഷ് പി ഡൊമിനിക്ക് - പാറത്തോട് ഗ്രാമപഞ്ചായത്ത്- വീടുപണി തീർന്നതിനുശേഷം വീട്ടുനമ്പറിനായി അപേക്ഷ വെക്കുകയും അതിനുശേഷം പലപ്രാവശ്യം പഞ്ചായത്തിൽ ചെന്നപ്പോൾ സ്റ്റെയർകെയ്സിന് ഹാൻഡ് റെയിൽ ഇല്ലാത്തതിനാൽ ആണ് നമ്പർ തരാത്തത് എന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചു. ഹാൻഡ് റെയിൽ പിടിപ്പിച്ച ശേഷം ചെന്നപ്പോൾ പാരപ്പറ്റിന് ഉയരം മതിയാകില്ല എന്ന് പറഞ്ഞ് തിരിച്ചയച്ചു എന്നും പരാതിക്കാരൻ പറഞ്ഞു. മോശമായ പെരുമാറ്റമാണ് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഉണ്ടായത് എന്ന് പരാതിക്കാരൻ അറിയിച്ചു. പരാതിക്കാരന്റെ കെട്ടിടത്തിന്റെ ഉയരം പരിഗണിക്കുമ്പോൾ പാരപ്പറ്റിന്റെ ഉയരം മതിയാകേണ്ടതാണ് എന്ന് അസിസ്റ്റന്റ് ടൗൺ പ്ലാനർ അഭിപ്രായപെട്ടു. ഏത് ചട്ടപ്രകാരമാണ് നമ്പർ നിഷേധിച്ചിട്ടുള്ളത് എന്ന് അറിയിക്കുവാനും അടുത്ത അദാലത്തിൽ പരിഗണിക്കുവാനും തീരുമാനിച്ചു.
8. കെ ജെ തോമസ് കുട്ടി - വെള്ളാവൂർ ഗ്രാമപഞ്ചായത്ത് - വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കരിങ്കൽ ക്വാറിക്ക് മറ്റു വകുപ്പുകളിൽ നിന്നുമുള്ള എല്ലാ അനുമതികളും ഉണ്ടായിട്ടും ഗ്രാമപഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകുന്നില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് പരാതിക്കാരൻ പരാതി സമർപ്പിച്ചിരിക്കുന്നത്. പ്രാഥമിക അന്വേഷണത്തിൽ നിന്നും പരാതിക്കാരന്റെ ഭാഗത്ത് പിഴവുകൾ ഒന്നുമില്ല എന്ന് മനസ്സിലാക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും അദാലത്തിന്റെ പരിഗണനയ്ക്കായി എത്തിച്ചു നൽകാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടു. അടുത്ത അദാലത്തിൽ പരിഗണിക്കാൻ തീരുമാനിച്ചു.

അദാലത്ത് കൃത്യം 1 മണിക്ക് അവസാനിച്ചു.

Dr.ചിത്ര പി അരുണിമ KAS
ഇന്റേണൽ വിജിലൻസ് ഓഫീസർ